"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വെ നമ്പർ 821 ൽ ഉൾപ്പെട്ടതും സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയതും നിലവിൽ കുളം ഇല്ലാത്തതുമായ ഭൂമിയിലെ നിലവിലെ കൈവശക്കാരായ 7 പേർക്ക് ഇനം മാറ്റം നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.135/2025/RD തീയതി,തിരുവനന്തപുരം, 17-05-2025

---

പരാമർശം:-
1. 11.12.2024 ലെ ബഹു. റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗനടപടികുറിപ്പ്
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.03.2025 ലെ DCTVM/13515/2024-B20 നമ്പർ കത്ത്.
3. 23.04.2025 ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/4071/ 2025-PM-2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വെ നമ്പർ 821 ൽ ഉൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിനായി ടി ഭൂമിയിലെ 7 കൈവശക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, കടകംപള്ളി വില്ലേജിൽ ചെന്നിലോട് കോളനിയിൽ "കമ്പിക്കകം കുളം പുറമ്പോക്ക്" ഭൂമിയിലാണ് ടി അപേക്ഷാ കക്ഷികൾ താമസിച്ചു വരുന്നതെന്നും, അപേക്ഷയ്ക്ക് ആസ്പദമായ സ്ഥലം സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം കുളം പുറമ്പോക്കാണെന്നും, അപേക്ഷാ കക്ഷികൾ 30 വർഷക്കാലമായി ടി ഭൂമിയിൽ വീട് വച്ച് താമസിച്ചു വരുന്നെന്നും, ടിയാളുകൾ SC വിഭാഗത്തിൽപ്പെട്ടവരും അന്വേഷണം നടത്തിയതിൽ ടി കക്ഷികളുടെ പേരിൽ മറ്റു പട്ടയ വസ്തുക്കൾ ഒന്നും ഇല്ലായെന്നും, അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയാണെന്നും തിരുവനന്തപുരം തഹസിൽദാർ റിപ്പോർ ട്ട് ചെയ്തിട്ടുണ്ട്. പരാമർശം (1) ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനത്തിനു വിധേയമായി കുളം പുറമ്പോക്ക് ഇനത്തിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയുടെ ഇനം മാറ്റുന്നതിലേയ്ക്കും കക്ഷികളുടെ പേരിൽ പതിവു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാൽ കടകംപള്ളി വില്ലേജിൽ സർവ്വെ നമ്പർ 821 ൽ ഉൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമി ടി ഭൂമിയിലെ 7 കൈവശക്കാർക്ക് പതിച്ചു നൽകുന്നതിനായി സർക്കാർ ഉത്തരവുണ്ടാകണമെന്നുമാണ് പരാമർശം (2)&(3) പ്രകാരം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും അഭ്യർത്ഥിച്ചിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടകംപള്ളി വില്ലേജിൽ ചെന്നിലോട് കോളനിയിൽ സർവ്വെ നമ്പർ 821-ൽ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം കുളം പുറമ്പോക്കെന്നു രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷാ കക്ഷികൾ 30 വർഷക്കാലമായി വീട് വച്ച് താമസിച്ചു വരുന്നതുമായ "കമ്പിക്കകം കുളം പുറമ്പോക്ക്" ഭൂമി തരിശ് ആയി ഇനംമാറ്റം നടത്തി നിലവിലെ 7 കൈവശക്കാർക്ക് (ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

3. ടി ഭൂമി പതിച്ച് നൽകുന്നതിനുള്ള നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം.
വിവര-പൊതുജനസംമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 17-05-2025 14:59:20

പകർപ്പ് : റവന്യൂ വകുപ്പ് മന്ത്രിയുടെ പി എസ്-ന്.